# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.738** **28.02.2018 ലെ മറുപടി**

## ചൊക്ലി റെഗുലേറ്റർ കം ബ്രിഡ്ജ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എ.എൻ.ഷംസീർ: | മാത്യു ടി. തോമസ് (ജലവിഭവ വകുപ്പുമന്ത്രി) |
| (എ) 2017-18 വർഷത്തെ ബഡ്ജറ്റിൽ തലശ്ശേരി നിയോജകമണ്ഡലത്തിലെ കിഫ്ബിയിൽ ഉൾപ്പെട്ട പ്രവൃത്തിയായ റെഗുലേറ്റർ കം ബ്രിഡ്ജ് (ചൊക്ലി പഞ്ചായത്ത്) ന്റെ നിലവിലെ അവസ്ഥ എന്താണെന്ന് അറിയിക്കുമോ;<br><br>(ബി) ആയതിന്റെ ഭരണാനുമതി ലഭ്യമായോ; ഇല്ലെങ്കിൽ ഭരണാനുമതി ലഭ്യമാകുന്നതിനുള്ള ഫയൽ ഇപ്പോൾ എവിടെയാണുള്ളതെന്ന് വ്യക്തമാക്കാമോ;<br><br>(സി) റെഗുലേറ്റർ കം ബ്രിഡ്ജിന് (ചൊക്ലി പഞ്ചായത്ത്) ഭരണാനുമതി ലഭ്യമാകാത്തതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കാമോ? | (എ),(ബി) &(സി)<br><br>2017-18 വർഷത്തേക്കുള്ള വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II വാല്യം II ൽ ഭാഗം 2 (പേജ് 45 ൽ) ഭരണാനുമതിയില്ലാത്ത മരാമത്ത് പണികളിൽ 852-ാ മതായി ചൊക്ലി (ചൊക്ലി) പഞ്ചായത്ത് ആർ.സി.ബി നിർമ്മാണത്തിന് 40 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഈ പ്രവൃത്തി നേരത്തേ നിർദ്ദിഷ്ട മാഹി വളപട്ടണം ഉൾനാടൻ ജലപാത നിശ്ചയിച്ച റൂട്ടിൽ വരുന്നതായിരുന്നു. പ്രവൃത്തി തുടങ്ങുന്നതിന് IWAI യുടെ അനുവാദം ആവശ്യമായിരുന്നതിനാൽ പര്യവേഷണ പ്രവർത്തികൾക്ക് അനുമതി നല്കിയിരുന്നില്ല. എന്നാൽ KWIL ഇപ്പോൾ നടത്തിയ survey പ്രകാരം ടി കനാൽ റീച്ചിന്റെ അലൈൻമെന്റ് തീർപ്പാക്കുകയുണ്ടായി. ആയത് നേരത്തേ നിശ്ചയിച്ചിരുന്ന ഒളവിലം - പാത്തിക്കലിൽ നിന്നും മാറ്റി മറ്റൊരു സ്ഥലത്തുകൂടി ആണ് തീരുമാനിച്ചിരിക്കുന്നത്. Land acquisition നടത്തുന്നത് പുതിയ അലൈൻമെന്റ് പ്രകാരം ആയിരിക്കുമെന്നും തീർച്ചപ്പെടുത്തിയിട്ടുണ്ട്. ആയതിനാൽ ചൊക്ലി ഗ്രാമപഞ്ചായത്തിൽ പെട്ട ഒളവിലം പാത്തിക്കൽ എന്ന സ്ഥലത്ത് നിർമ്മാണം നടത്താൻ ഉദ്ദേശിക്കുന്ന റെഗുലേറ്റർ കം ബ്രിഡ്ജ് ടി സ്ഥലത്ത് സ്ഥാപിക്കാവുന്നതാണ്. പ്രസ്തുത പ്രവൃത്തിയുടെ ഡി.പി.ആർ ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതി നല്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ